**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 507

**02.07.2013**- ലെ മറുപടിക്ക്

## സംയോജിത സഹകരണ വികസന പദ്ധതി

**ചോദ്യം**

ശ്രീ. പി.സി. വിഷ്ണുനാഥ്
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. ബെന്നി ബെഹനാൻ
ശ്രീ. ഷാഫി പറമ്പിൽ

**മറുപടി**

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) സംയോജിത സഹകരണ വികസന പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) ഒരു പ്രദേശത്തിന്റെ സമഗ്രവികസനം സഹകരണ സംഘങ്ങളിലൂടെ എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി). സഹകരണ സംഘങ്ങളുടെ ഓഫീസ് കെട്ടിടം, ഗോഡൗൺ, ഫർണിച്ചർ, കംപ്യൂട്ടർ, സേഫ്ഡെപ്പോസിറ്റ് ലോക്കർ, കൗണ്ടർ, സ്ട്രോംഗ് റൂം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, കാർഷികവും അനുബന്ധ മേഖലകളിലുള്ള ഉൽപ്പാദനം, സംസ്കരണം, വിപണനം എന്നിവയുടെ വികസനത്തിനും നിലവിലുള്ള വ്യാപാരം ശക്തിപ്പെടുത്തുക, സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ മാനവവിഭവശേഷി വികസനത്തിനുള്ള പരിശീലനം നൽകുക എന്നിവയാണ് പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| ബി) പദ്ധതി ഏതെല്ലാം ജില്ലകളിൽ നടപ്പിലാക്കി വരുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (ബി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയായിരുന്നു. വയനാട് ജില്ലയിൽ നടപ്പിലാക്കിവന്നത് 2013 മാർച്ച് മാസത്തോടെ അവസാനിച്ചു. |

| | | |
|---|---|---|
| സി) കൂടുതൽ ജില്ലകളിലേക്ക് പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;<br><br>ഡി) എങ്കിൽ ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (സി) & (ഡി) | ഉദ്ദേശിക്കുന്നുണ്ട്. സംയോജിത സഹകരണ വികസന പദ്ധതിയുടെ രണ്ടാം ഘട്ടം ഇടുക്കി ജില്ലയിൽ ആരംഭിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് എൻ.സി.ഡി.സി.യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി കണ്ണൂർ ഐ.സി.എം.നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിന്മേലുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. തൃശ്ശൂർ ജില്ലയിലും കാസർഗോഡ് ജില്ലയിലും രണ്ടാം ഘട്ടം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**